<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3623</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021 വർഷത്തെ ബഡ്ജറ്റിൽ ആനാവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ സ്റ്റേഡിയം നവീകരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിരുന്നോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **2021 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ആനാവൂർ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സിന്തറ്റിക് വോളീബോൾ കോർട്ട്, ഹോസ്റ്റൽ സമുച്ചയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | **2021 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ആനാവൂർ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സിന്തറ്റിക് വോളീബോൾ കോർട്ട്, ഹോസ്റ്റൽ സമുച്ചയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.** |
| (സി) | ടെഡർ നടപടികൾ പൂർത്തിയാക്കി ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ; | (സി) | **ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.** |
| (ഡി) | പ്രസ്തുത സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അടങ്കലിൽ നടന്നുവരുന്ന ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് ഈ | (ഡി) | **20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ നിർമ്മാണം നടന്നുവരികയാണ്. ഗ്രൗണ്ട് ഡെവലപ്പമെന്റ് വർക്ക്, മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാളിന്റെ** |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | | **നിർമ്മാണം, ചെയിൻ ലിങ്ക് ഫെൻസിംഗ്, എൻട്രൻസ് ഗേറ്റിന്റെ നിർമ്മാണം എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ട നവീകരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ ഘടകങ്ങളുടെ നിർമ്മാണം 30 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ